DSLR/803/2018-A3

സർവ്വെയും ഭൂരേഖയും വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം
Ph : 0471-2325266, Fax: - 2338210
തീയതി: 15/02/2018

# സർക്കുലർ

സർവ്വെയും ഭൂരേഖയും വകുപ്പിൽ സർവ്വെ സൂപ്രണ്ട്, ഹെഡ് സർവ്വെയർ/ ഹെഡ് ഡ്രാഫ്റ്റ്സ്മാൻ, ഒന്നാതരം / രണ്ടാംതരം സർവ്വെയർ, ഒന്നാതരം / രണ്ടാംതരം ഡ്രാഫ്റ്റ്സ്മാൻ തസ്തികകളിൽ വിവിധ കാര്യാലയങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 2018 ലെ പൊതുസ്ഥലംമാറ്റത്തിനു താഴെ ചേർക്കുന്ന നിബന്ധനകളോടെ അപേക്ഷകൾ ക്ഷണിക്കുന്നു.

1. പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ജീവനക്കാർ ബന്ധപ്പെട്ട ഓഫീസ് മേധവിമാർക്കാണ് സമർപ്പിക്കേണ്ടത്.
2. ഓഫീസ് മേധാവിമാർ ബന്ധപ്പെട്ട ജിവനക്കാരുടെ സേവനപുസ്തകങ്ങളുമായി ഒത്തുനോക്കി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുനന വിവരങ്ങൾ ശരിയാണെന്ന സാക്ഷ്യപത്രം സഹിതം വകുപ്പ് മേധാവിക്കു സമർപ്പിക്കേണ്ടതാണ്.
3. ഒരു ജീവനക്കാരൻ ജോലിക്രമീകരണ വ്യവസ്ഥയിൽ സ്വന്തം ജില്ലയിൽ ജോലി ചെയ്ത കാലയളവ് അപേക്ഷയിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കേണ്ടതും ഓഫീസ് മേധാവി അത് ശരിയാമെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപേക്ഷയിൽ പരാമർശിക്കുന്ന കാര്യങ്ങളിൽ എന്തെങ്കിലും വ്യതിയാനം ശ്രദ്ധയിൽപ്പെടുന്ന പക്ഷം അതിനുള്ള ഉത്തരവാദിത്വം ഓഫീസ് മേധാവിക്കായിരിക്കും
4. പൊതുസ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി കഴിഞ്ഞ് അഞ്ച് ദിവസത്തിനുള്ളിൽ ലഭ്യമായ മുഴുവൻ അപേക്ഷകളും തസ്തികകൾ തിരിച്ച് പ്രത്യാക ആമുഖ കത്തുകൾ സഹിതം ഓഫീസ് മേധാവിമാർ വകുപ്പ് മേധാവിക്കു നേരിട്ടോ തപാൽ മുഖേനയോ മാത്രം ലഭ്യമാക്കേണ്ടതാണ്.
5. ബന്ധപ്പെട്ട ഓഫീസ് മേധാവിമാർ മുഖേനയല്ലാതെ ജിവനക്കാർ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.
6. നിലവിലുള്ളതും, സ്ഥലംമാറ്റ ഉത്തരവിനു മുമ്പ് സർക്കാർ

പുറപ്പെടുവിപ്പിക്കുന്നതുമായ പൊതുമാനദണ്ഡങ്ങൾ പ്രകാരമായിരിക്കും സ്ഥലംമാറ്റം നടത്തുന്നത്. സ്ഥലംമാറ്റത്തിനു സർക്കാർ പരിഗണന നൽകിയിട്ടുള്ള വിഭാഗങ്ങളിൽ ഉൾപ്പെടുന്ന ജീവനക്കാർ അത്തരം പരിഗണനകൾക്ക് അർഹമായ സാക്ഷ്യപത്രങ്ങൾ / രേഖകൾ അപേക്ഷയോടോപ്പം തന്നെ സമർപ്പിക്കേണ്ടതാണ്.

7. ഒരു ജീവനക്കാരൻ ഒന്നിലധികം അപേക്ഷകൾ സമർപ്പിക്കാനോ ഓഫീസ് മേധാവിമാർ ശുപാർശ ചെയ്യാനോ പാടില്ല.
8. 20118 ലെ പൊതുസ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി വരെ ലഭ്യമാകുന്ന അപേക്ഷകൾ ക്രോഡീകരിച്ച് തസ്തികകൾ തിരിച്ച് പ്രത്യേക ആമുഖ കത്ത് സഹിതം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.
9. സ്ഥലംമാറ്റത്തിനു അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 15.03.2018

Signature valid
Digitally signed by SIVADAS PADINJAREMADHYIL THAPASI
Date: 2018.02.15 16:49.12 IST
Reason: Approved

അസിസ്റ്റന്റ് സെക്രട്ടറി t

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും
പകർപ്പ്

1. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക്ക റിലേഷൻസ് വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എ4, ജി3, ജി4 സീറ്റിലേയക്ക്
3. വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ്

# പൊതുസ്ഥലം മാറ്റത്തിനുള്ള അപേക്ഷ - 2018

| | | |
|---|---|---|
| 1 | പേര്, തസ്തിക, EMPID നമ്പർ | |
| 2 | വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| 3 | നിലവിലെ ഓഫീസ്, നിലവിലെ ഓഫീസിൽ പ്രവേശിച്ച തീയതി | |
| 4 | നിലവിൽ ജോലി ചെയ്യുന്ന ജില്ലയിൽ ഒടുവിൽ ജോലിയിൽ പ്രവേശിച്ച തീയതി | |
| 5 | സ്വന്തം ജില്ല | |
| 6 | സ്വന്തം ജില്ലയ്ക്ക് പുറത്ത് സർവ്വീസ് തുടങ്ങിയ തീയതി | |
| 7 | ജില്ലാ എസ്റ്റാബ്ലിഷ്മെന്റിൽ ജോലി നോക്കിയിട്ടുണ്ടെങ്കിൽ ഓഫീസ്, കാലയളവ് | |
| 8 | ഹൈറേഞ്ച് സർവ്വീസ് വിവരം (ഇടുക്കി, വയനാട് ജില്ലകളിൽ) | |
| 9 | മലബാർ സേവന വിവരം | |
| 10 | സ്ഥലംമാറ്റം ആവശ്യപ്പെടുന്ന ജില്ല | 1.<br>2.<br>3. |
| 11 | സ്വന്തം ജില്ലയിൽ അപേക്ഷാ കാലയളവിൽ ജോലിക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്ത വിവരം (ഓഫീസ്, കാലയളവ് ഉൾപ്പെടെ) | |
| 12 | നിലവിലെ ഓഫീസിലെ നിയമനം അച്ചടക്ക നടപടിയുടെ ഭാഗമായിട്ടാണെങ്കിൽ വിശദ വിവരങ്ങൾ | |
| 13 | മറ്റു വിവരങ്ങൾ | |

ഞാൻ മേൽ പ്രസ്താവിച്ചിട്ടുള്ള വിവരങ്ങൾ എല്ലാം തന്നെ സത്യമാണെന്നു ഇതിനാൽ ബോധിപ്പിച്ചുകൊള്ളുന്നു.

സ്ഥലം — അപേക്ഷകന്റെ ഒപ്പ്

തീയതി — അപേക്ഷകന്റെ പേര്

ശ്രീ/ശ്രീമതി ...................................................................... മേൽ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ വിവരങ്ങളും ശരിയാണെന്ന് അപേക്ഷകന്റെ സേവനപുസ്തകവും അനുബന്ധ രേഖകളും പരിശോധിച്ച് ഇതിന്മേൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം — ഓഫീസ് മേധാവിയുടെ ഒപ്പ്

തീയതി — തസ്തിക

ഓഫീസ് സീൽ